# ജറുസലെം ദൈവരാജ്യം

2023 ഫെബ്രുവരി 3 വാല്യം 10 ലക്കം 5






പട്ടത്തച്ചൻ

# അനന്തസാധ്യതകൾ തുറന്ന് തരുന്ന ദൈവം

കർത്താവിൽ ആശ്രയിക്കുന്നവർ അചഞ്ചലമായി എന്നേയ്ക്കും നിലകൊള്ളുന്ന സീയോൻ പർവ്വതം പോലെയാണ്. ദൈവം നമുക്ക് വേണ്ടി വലിയ കാര്യങ്ങൾ ചെയ്യാനാണ് പദ്ധതിയൊരുക്കിയിരിക്കുന്നത്; ചെറിയ കാര്യങ്ങളല്ല. അനന്തശക്തിയോട് ചേർന്നുനിന്നാൽ അനന്തമായ സാധ്യതകൾ ദൈവം നമുക്ക് തുറന്നുതരും. ഈ പ്രപഞ്ചത്തെ മുഴുവൻ അണിയിച്ചൊരുക്കിയ ദൈവത്തിന് കുഞ്ഞേ നിന്നെക്കുറിച്ചും കരുതലുണ്ട്. എത്ര കഴിവുകൾ ഉണ്ടായാലും ദൈവം നമ്മെ പരിപാലിക്കുന്നു. ദൈവം നമ്മെ സഹായിക്കുന്നു. മരുഭൂമിയിലൂടെ യാത്ര ചെയ്യുമ്പോൾ വെയിലിന്റെ കാഠിന്യം അറിയാതിരിക്കാൻ ഇസ്രായേൽ ജനത്തിന് മേഘസ്തംഭം തണലേകി. ദീപസ്തംഭം ഇരുളിൽ പ്രകാശമേകി. ദൈവം നമ്മെ നയിക്കുന്നു. ദൈവത്തിലാശ്രയിക്കുന്നവർ ദൈവാനുഭവങ്ങളുടെ, ദൈവാനുഗ്രഹത്തിന്റെ കലവറ കൈമുതലാക്കുന്നു. പ്രാർത്ഥനാധിഷ്ഠിതമായ ജീവിതം, കുടുംബാധിഷ്ഠിത ജീവിതം നമുക്ക് സമ്മാനിക്കുന്നത് ദൈവത്തിന്റെ കരുണയാണ്. ഒരു കൈ കൊണ്ട് സ്വന്തം കണ്ണീർ തുടയ്ക്കുമ്പോൾ മറുകൈ കൊണ്ട് അപരന്റെ കണ്ണുനീർ തുടയ്ക്കാൻ സാധിക്കട്ടെ. ഈശോ കുരിശിന്റെ ഭാരത്താൽ തളരുമ്പോഴും ജറുസലെം സ്ത്രീകളെ ആശ്വസിപ്പിച്ചില്ലേ? ഈശോ കുരിശിൽ പിടയുമ്പോഴും നല്ല കള്ളന് സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്തില്ലേ...

ദൈവവുമായി നല്ല ബന്ധം ഉള്ളവർക്കേ പിശാചിന്റെമേൽ, പ്രലോഭനങ്ങളുടെ മേൽ വിജയം കൈവരിക്കാൻ സാധിക്കൂ. ജറുസലെം വചനകൂടാരം രണ്ട് ആത്മീയായുധങ്ങൾ നിങ്ങൾക്ക് സമ്മാനിക്കുകയാണ്. **ഒന്ന് പ്രാർത്ഥനാ ഉടമ്പടി കാർഡ്, രണ്ട് ഐഡന്റിറ്റി കാർഡ്. എല്ലാ വിദ്യാർത്ഥികളുടെയും കുടുംബാംഗങ്ങളുടെയും കൈവശം ഐഡന്റിറ്റി കാർഡ് ഉണ്ടാകുവാൻ ഈശോ ആഗ്രഹിക്കുന്നുണ്ട്.**

**നിത്യതയുടെ കണ്ണുകളിലൂടെ**
**ജീവിതാന്തസ്സിന്റെ കണ്ണുകളിലൂടെ**

**പരസ്നേഹത്തിന്റെ കണ്ണുകളിലൂടെ നമ്മുടെ ജീവിതത്തെ രൂപപ്പെടുത്താം, രൂപാന്തരപ്പെടുത്താം.**

**അനന്തശക്തിയോട് ചേർന്നുനിന്നാൽ അനന്തമായ സാധ്യതകൾ ദൈവം നമുക്ക് തുറന്നുതരും. ഈ പ്രപഞ്ചത്തെ മുഴുവൻ അണിയിച്ചൊരുക്കിയ ദൈവത്തിന് കുഞ്ഞേ നിന്നെക്കുറിച്ചും കരുതലുണ്ട്.**

## മെൽബൺ രൂപതാ നിയുക്തമെത്രാൻ മാർ ജോൺ പനംതോട്ടത്തിലിന് സ്വീകരണം



## അപ്പസ്തോലദിനം



## SSLC, +1,+2 പരീക്ഷാ വിജയ കൺവെൻഷൻ



## പ്രേഷിതരുടെ ഭവന സന്ദർശനം





## “ഒരു നല്ല ക്രിസ്ത്യാനികുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു”.



# യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

**യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും ഒരേ ആൾതന്നെയാണ്. (ഹെബ്രായർ 13: 8)**

# കാത്തു പരിപാലിച്ച ദൈവം




**ബേബി വിതയത്തിൽ**, വിതയത്തിൽ ഹൗസ്, പാലയ്ക്കൽ, പാലിശ്ശേരി പി. ഒ.

സങ്കീ 91:11 ഇപ്രകാരമാണ് : ‘‘നിന്റെ വഴികളിൽ നിന്നെ കാത്തുപാലിക്കാൻ അവിടുന്ന് തന്റെ ദൂതന്മാരോട് കല്പിക്കും.’’ ദൂതന്മാർ എനിക്ക് കാവൽ നിന്നു. മരണത്തിൽനിന്നും ഞാൻ രക്ഷപ്പെട്ടു. 2022 ഒക്ടോബർ 11-ാം തീയതി രാത്രി 7.15ന് പള്ളിയിൽനിന്നും ജപമാല കഴിഞ്ഞ് വരുമ്പോൾ ഒരു ബൈക്ക് എന്റെ വലതുഭാഗത്തുകൂടിവന്ന് എന്നെ ഇടിച്ച് തെറിപ്പിച്ചു. 25 മീറ്റർ അകലേയ്ക്ക് ഞാൻ പോയി വീണു. ‘‘ഈശോ എന്നെ രക്ഷിക്കണേ’’ എന്ന് 3 തവണ പറഞ്ഞതായി ഞാൻ ഓർക്കുന്നു. അതോടെ എന്റെ ഓർമ്മ നഷ്ടപ്പെട്ടു. നാലാം ദിവസം മുതലാണ് ഞാൻ വേദനയറിഞ്ഞു തുടങ്ങിയത്. അഞ്ചാം ദിവസം എനിക്ക് ഓർമ്മ തിരിച്ചുവന്നു. ശിരസ്സിന്റെ നിറുകയിൽനിന്ന് വലതുകണ്ണിന്റെ പുരികം വരെ പൊളിഞ്ഞു. എലൈറ്റ് ഹോസ്പിറ്റലിൽനിന്നും അമല ഹോസ്പിറ്റലിൽ പോയി. ന്യൂറോ ഡോക്ടറിനെ കണ്ടു. ഓപ്പറേഷൻ ചെയ്യാതെ ഗുളികയിൽ നിർത്താൻ നോക്കട്ടെ എന്നും ഓപ്പറേഷൻ ചെയ്താൽ ഒരു ഭാഗം തളർന്നുപോകുമെന്നും പറഞ്ഞു. തിരുരക്തത്താൽ വിശുദ്ധീകരിച്ച് എന്നെ സുഖപ്പെടുത്തണമേ എന്ന് പ്രാർത്ഥിച്ചു. ഓപ്പറേഷനില്ലാതെ സൗഖ്യം ലഭിച്ചാൽ അൾത്താരയിൽ സാക്ഷ്യപ്പെടുത്താം എന്ന് പ്രാർത്ഥിച്ചു. എന്റെ പള്ളിയിലെ വികാരിയച്ചൻ എല്ലായിടത്തേക്കും, പ്രാർത്ഥനാസഹായം വിളിച്ചപേക്ഷിച്ചു. എല്ലാ വെള്ളിയാഴ്ചകളിലും ഞാൻ ജറുസലെം വചനകൂടാരത്തിൽ വരാറുണ്ട്. എന്റെ അപകടാവസ്ഥ അറിഞ്ഞപ്പോൾ പട്ടത്തച്ചൻ എന്റെ വീട്ടിൽവന്ന് പ്രാർത്ഥിച്ചു. അപകടത്തെ തുടർന്നുണ്ടായ തലചുറ്റൽ അച്ചൻ തലയിൽ കൈവെച്ച് പ്രാർത്ഥിച്ചതിനുശേഷം മാറി. ഞാൻ നോർമൽ ആയി തുടങ്ങി. തലയിലെ മുറിവെല്ലാം ഉണങ്ങി.

### പ്രാർത്ഥനാനിയോഗങ്ങൾ

**Whatsapp ചെയ്യേണ്ടനമ്പർ**
**9656 133 533**
**ദിവ്യകാരുണ്യ സൗഖ്യാരാധനയിൽ പേരുകൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്നതായിരിക്കും**
**6.30 pm - 8.30 pm -**
**Jerusalem Retreat Centre Youtube ൽ**

# അത്ഭുതങ്ങളുടെ ലോകം ഇനിയും അവസാനിച്ചിട്ടില്ല



**നിനക്ക് ഒരു തിൻമയും ഭവിക്കുകയില്ല, ഒരനർഥവും നിൻെറ കൂടാരത്തെ സമീപിക്കുകയില്ല. (സങ്കീ 9:10)**

## സന്തോഷത്തിന്റെ സദ്വാർത്ത



**ജെറാൾഡ്**, *S/o* ജിബി ജെയിൻ, മൂലൻ ഹൗസ്, അയർകുന്നം, കോട്ടയം

സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയായിരുന്നു ഈശോയുടെ ജനനം (ലൂക്കാ 2:10). ഞങ്ങളുടെ ഭവനത്തിലും സന്തോഷത്തിന്റെ സദ്വാർത്തയുടെ അനുഭവം ഞങ്ങൾക്കുണ്ടായി. എന്റെ മകളുടെ വിവാഹം കഴിഞ്ഞിട്ട് അവൾ ഗർഭിണി ആയെങ്കിലും രണ്ടു പ്രാവശ്യവും അബോർഷൻ ആയി. വിദേശത്ത് ജോലി ചെയ്യുന്ന മകളും കുടുംബവും വളരെയധികം സങ്കടപ്പെട്ടപ്പോൾ ഞങ്ങളുടെ ഭവനത്തിലും അത് വേദനയും, നൊമ്പരവുമായി. മകളെ ഞാൻ ധൈര്യപ്പെടുത്തുകയും ജറുസലെം നാഥനോട് മൂന്നാഴ്ച നിയോഗത്തോടെ ദിവ്യബലിയിലും ആരാധനയിലും നിയോഗം വെച്ച് പ്രാർത്ഥിക്കാം എന്ന് പറയുകയും ചെയ്തു. ഈശോയുടെ സാക്ഷിയായി എന്റെ മകളേയും കുടുംബത്തേയും മാറ്റണമെന്ന് ഞങ്ങൾ പ്രാർത്ഥിച്ചു. മകൾ ഗർഭിണിയാവുകയും സുഖപ്രസവത്തിലൂടെ ഒരു കുഞ്ഞിന് ജന്മം നൽകുകയും ചെയ്തു. സന്തോഷത്തിന്റെ സദ്വാർത്തയുടെ അനുഭവം ഞങ്ങളുടെ കുടുംബത്തിനും അനുഭവിക്കാൻ ഇടയാക്കിയ നല്ല ദൈവമേ നിന്നെ ഞങ്ങൾ ആരാധിക്കുന്നു, സ്തുതിക്കുന്നു, നന്ദി പറയുന്നു

## പ്രാർത്ഥനയ്ക്ക് ഉത്തരമേകി



**മിനി**, *W/o* ഇഗ്നേഷ്യസ്, പഴുന്നാന ഹൗസ്, മേനോൻപാറ, പാലക്കാട്

യോഹ 14:14 ഇപ്രകാരമാണ് : ‘‘എന്റെ നാമത്തിൽ നിങ്ങൾ എന്നോട് എന്തെങ്കിലും ചോദിച്ചാൽ ഞാനതു ചെയ്തു തരും’’. എന്റെ മകൾ രണ്ടാമത്തെ കുഞ്ഞിനെ ഗർഭം ധരിച്ചപ്പോൾ വളരെയധികം ശാരീരിക അസ്വസ്ഥതകളിലൂടെ കടന്നുപോയി. മകളുടെ ബുദ്ധിമുട്ടുകൾ മാറാനും സുഖപ്രസവത്തിലൂടെ ഒരു ആൺകുഞ്ഞിനെ ലഭിക്കുന്നതിനുമായി ജറുസലെം നാഥനോട് പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിച്ചതിന്റെ ഫലമായി കർമ്മലീത്താ മാതാവിന്റെ തിരുനാൾ ദിനമായ ജൂലൈ 16-ന് മകൾ സാധാരണ പ്രസവത്തിലൂടെ ഒരാൺകുഞ്ഞിന് ജൻമം നൽകി. ഈശോയെ നന്ദി. ഈ കുഞ്ഞുമോന് പനി വന്ന് ആശുപത്രിയിൽ അഡ്മിറ്റായി. അവന്റെ മാമ്മോദീസ 2022 നവംബർ 5ന് തീരുമാനിച്ചു. അന്നുതന്നെ മാമ്മോദീസ നടത്തുവാൻ കഴിയണമെന്ന് പ്രാർത്ഥിച്ചു. അതും പരിശുദ്ധ അമ്മ നടത്തിത്തന്നു. ഈശോയ്ക്കും മാതാവിനും ഒരായിരം നന്ദിയേകുന്നു.

## നന്മയായ ദൈവം



**ഡെയ്ൻ റെൽഫിൻ (റിയോൺ)**, *W/o* റെൽഫിൻ, കോമ്പാറക്കാരൻ ഹൗസ്, പി.ഒ പൊഞ്ഞനം, കാട്ടൂർ

ഞങ്ങളുടെ വിവാഹം കഴിഞ്ഞ് 3 വർഷം കഴിഞ്ഞപ്പോൾ ഞങ്ങൾക്ക് ഒരു കുഞ്ഞ് ജനിച്ചു. കുഞ്ഞ് ജനിച്ച് പിറ്റേ ദിവസം മരിച്ചു. അതുകഴിഞ്ഞ് 2 വർഷം ആയപ്പോഴാണ് വീണ്ടും ഗർഭിണി ആയത്. ആ കുഞ്ഞ് അബോർഷൻ ആവുകയും ചെയ്തു. വളരെയധികം സങ്കടത്തോടെ ദൈവസന്നിധിയിൽ വന്നണഞ്ഞ ഞങ്ങൾ നിയോഗം വെച്ച് വെള്ളിയാഴ്ചകളിൽ പരിശുദ്ധ കുർബ്ബാനയിലും ആരാധനയിലും പങ്കെടുത്ത് പ്രാർത്ഥിച്ചു. ‘‘ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു’’ (റോമ 8:28). വചനത്തിന്റെ അഭിഷേകം ഞങ്ങളിൽ വന്നുനിറയാൻ പ്രാർത്ഥിച്ചപ്പോൾ കുഞ്ഞുണ്ടാകാനുള്ള തടസ്സങ്ങൾ ഞങ്ങളിൽനിന്ന് വിട്ടുപോയി. ദൈവവചനത്തിന്റെ ശക്തി ഞങ്ങളിൽ നിറഞ്ഞപ്പോൾ ഞങ്ങളുടെ നിരാശയും, സങ്കടവും വിട്ടകന്നു. പരിശുദ്ധാത്മ കൃപയാൽ ആരോഗ്യമുള്ള ആൺകുഞ്ഞിനെ നൽകി ഞങ്ങളുടെ ദാമ്പത്യത്തെ അവിടുന്നനുഗ്രഹിച്ചു.

## ആശ്രയം ദൈവത്തിൽ മാത്രം



**ഷിസി സാബു**, ചെമ്പോട്ടി ഹൗസ്, ഡോൺ ബോസ്കോ സ്കൂളിന് സമീപം, ഇരിങ്ങാലക്കുട

പ്രതിസന്ധിഘട്ടങ്ങളിൽ ആശ്രയം ദൈവം മാത്രമായിരിക്കും. ധനമോ, സുഖസൗകര്യങ്ങളോ നമുക്ക് ആശ്വാസം നൽകിയെന്ന് വരില്ല. വൈദ്യശാസ്ത്രവും പലപ്പോഴും നിസ്സഹായമാകുന്ന ഘട്ടങ്ങൾ നമ്മിൽ പലരുടെയും ജീവിതത്തിൽ ഉണ്ടാകാറുണ്ട്. വിവാഹം കഴിഞ്ഞ് 7 വർഷമായിട്ടും കുഞ്ഞുണ്ടായിരുന്നില്ല. 2018 നവംബർ മാസത്തിൽ മക്കളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥനാകൂട്ടായ്മയിൽ പ്രാർത്ഥിച്ച് പങ്കെടുത്തതിന്റെ ഫലമായി ഞങ്ങൾക്ക് 2019 ആഗസ്റ്റ് 20-ാം തിയ്യതി ഒരു ആൺകുഞ്ഞിനെ ദൈവം തന്നനുഗ്രഹിച്ചു. സങ്കീർത്തനം 37:5 ഇപ്രകാരമാണ്: ‘‘നിന്റെ ജീവിതം കർത്താവിന് ഭരമേല്പിക്കുക; കർത്താവിൽ വിശ്വാസമർപ്പിക്കുക. അവിടുന്ന് നോക്കിക്കൊള്ളും’’. കർത്താവിൽ വിശ്വാസമർപ്പിച്ച് പ്രാർത്ഥിച്ചപ്പോൾ അവിടുന്ന് ഞങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവായി. ഞങ്ങൾക്ക് ഒരു മകനെ നൽകി ദൈവം അനുഗ്രഹിച്ചു. ദൈവമേ നന്ദി.

## ആശ്വാസമായ് ഈശോ



**നിഷ വർഗ്ഗീസ്**, ചക്കാലയ്ക്കൽ ഹൗസ്, തിരൂർ, മുളങ്കുന്നത്തുകാവ് പി. ഒ., തൃശൂർ

അപ്രതീക്ഷിതമായ സഹനങ്ങളിൽ, നൊമ്പരങ്ങളിൽ, ശരീരവും മനസ്സും തളർന്നു പോകുമ്പോൾ ആശ്വാസമായി നമ്മുടെയരികിൽ ഈശോയുണ്ട്. നമ്മുടെ കണ്ണീരൊപ്പാൻ അവിടുന്ന് നമ്മോടൊപ്പമുണ്ട്. 2020 സെപ്റ്റംബറിലാണ് എന്റെ ബ്രെസ്റ്റിൽ ഒരു തടിപ്പ് കണ്ടത്. ഉടൻതന്നെ സർജറി ചെയ്യുകയും ചെയ്തു. തുടർന്ന് വന്ന ബയോപ്സി റിസൽറ്റിൽ ക്യാൻസർ എന്നറിഞ്ഞു. ബ്രെസ്റ്റ് റിമൂവ് ചെയ്തിരുന്നില്ല. 8 കീമോയും 20 റേഡിയേഷനും കഴിഞ്ഞു. 2021 സെപ്റ്റംബർ മാസത്തിൽ ഡോക്ടർ മാമ്മോഗ്രാം എടുത്തു നോക്കിയപ്പോൾ അവിടെ വീണ്ടും ഒരു മുഴ വളരുന്നതായി പറഞ്ഞു. വീണ്ടും ബയോപ്സി ചെയ്തപ്പോൾ കാൻസറല്ല എന്ന റിപ്പോർട്ട് വന്നു. സ്ഥിരീകരണത്തിനായി രണ്ടാമതും ബയോപ്സി നടത്തി. അതിലും കാൻസർ സെൽസ് ഉണ്ടായിരുന്നില്ല. വീണ്ടും പെറ്റ് സ്കാൻ ചെയ്തു. അതിലും കാൻസർ ഇല്ല എന്ന റിപ്പോർട്ട് ലഭിച്ചു. ദിവ്യകാരുണ്യനാഥൻ തന്ന സൗഖ്യമാണ് എന്റെ രോഗത്തെ എന്നിൽനിന്ന് നിർവീര്യമാക്കിയത് എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ഈ ദുരിതങ്ങളിലൂടെ കടന്നുപോയപ്പോൾ ആശ്വാസമായ് എന്നിലണഞ്ഞ ഈശോയെ, ഞാനങ്ങയെ സ്തുതിക്കുന്നു, ആരാധിക്കുന്നു. സങ്കീ. 119:7 നമുക്ക് ഓർക്കാം. ‘‘ദുരിതങ്ങൾ എനിക്ക് ഉപകാരമായി; അവ മൂലം ഞാൻ അങ്ങയുടെ ചട്ടങ്ങൾ അഭ്യസിച്ചു’’.

## ദൈവമേ നന്ദി

**റൂബി ജോസഫ്**, മൂലൻ ഹൗസ്, അട്ടാറ സൗത്ത്, മൂക്കന്നൂർ പി.ഒ.



‘‘കർത്താവേ, എന്റെ അധരങ്ങൾ തുറക്കണമേ. എന്റെ നാവ് അങ്ങയുടെ സ്തുതികൾ ആലപിക്കും’’ (സങ്കീ. 51:15). സങ്കീർത്തകനോട് ചേർന്ന് ഞാനും അങ്ങയെ സ്തുതിക്കുന്നു. എന്റെ കാൽമുട്ടിനു വേദനയായിരുന്നു. ഡോക്ടറെ കണ്ടപ്പോൾ ഓപ്പറേഷൻ ചെയ്യണമെന്നു പറഞ്ഞു. സർജറി നടത്തുകയും ചെയ്തു. തുടർന്ന് സ്റ്റിച്ച് എടുത്തപ്പോൾ മുറിവു പറ്റി, ഇൻഫെക്ഷൻ ആയി. വേദന കൂടിയപ്പോൾ ഡോക്ടറെ കണ്ടു. ബ്ലഡ് പരിശോധിച്ചപ്പോൾ ഇൻഫെക്ഷൻ ഉണ്ടായിരുന്നു. ആന്റിബയോട്ടിക് മരുന്ന് ഡോക്ടർ തന്നു. അതു കഴിച്ചിട്ടും കുറഞ്ഞില്ല. ഞാൻ വീണ്ടും ഡോക്ടറെ കണ്ടു. ഇൻഫെക്ഷൻ കൂടുതലായ കാരണം ഡോക്ടർ എന്നെ അഡ്മിറ്റാക്കി ഇഞ്ചക്ഷൻ തുടങ്ങി. സങ്കീർണ്ണമായ ഈ അവസ്ഥയിൽ ഞാൻ ദൈവത്തോട് പ്രാർത്ഥിച്ചു. മൂന്നു വെള്ളിയാഴ്ച ജറുസലെമിൽ വന്ന് ആരാധനയിൽ പങ്കെടുത്ത് സാക്ഷ്യപ്പെടുത്തിക്കോളാം എന്ന് നിയോഗം വെച്ചു. രണ്ടാഴ്ചത്തെ ചികിത്സയ്ക്കുശേഷം വീണ്ടും ബ്ലഡ് പരിശോധിച്ചപ്പോൾ ഇൻഫെക്ഷൻ നന്നായി കുറഞ്ഞിരുന്നു. ആറ് മാസത്തിനുശേഷം ഞാൻ വ്യായാമം ആരംഭിക്കുകയും ചെയ്തു. ഇത്രയും വലിയ അപകടത്തിൽനിന്ന് എന്നെ രക്ഷിച്ച ജറുസലെം നാഥനും പരിശുദ്ധ അമ്മയ്ക്കും നന്ദിയേകുന്നു.

## വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ സൗഖ്യം

**അൽഫോൻസ**, ഡാമിയൻ ആശ്രമം, മുളയം



എന്റെ നാല് വർഷമായിട്ടുള്ള കാലുവേദന പല ഡോക്ടർമാരെയും കണ്ടിട്ടും മാറിയില്ല. ഞാൻ സാധിക്കാവുന്ന വെള്ളിയാഴ്ചകളിൽ നിയോഗം വെച്ച് സാക്ഷ്യപ്പെടുത്താമെന്ന് പ്രാർത്ഥിച്ചിരുന്നു. മരിയൻ മണ്ഡപം പ്രാർത്ഥനയോടെ കയറി. ഇപ്പോൾ അത്ഭുതകരമായി കാലുവേദന പരിപൂർണ്ണമായി മാറിക്കിട്ടി. വേദനകളും രോഗങ്ങളും നമ്മെ അലട്ടുമ്പോൾ, മുന്നോട്ടുള്ള ജീവിതത്തെ പ്രയാസപ്പെടുത്തുമ്പോൾ നമ്മുടെ കൂടെ ദൈവമുണ്ട്. അവിടുന്ന് നമ്മെ കാത്തു പരിപാലിക്കും. ‘‘നിന്റെ പാദം കല്ലിൽ തട്ടാതിരിക്കാൻ അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും’’ (സങ്കീ. 91:12).



# “കുടുംബാംഗങ്ങൾ കാരണവന്മാരുടെ നേരെ ആചാരവും കീഴ്‌വഴക്കവും പാലിക്കണം”.



## സ്വർഗ്ഗീയ പിതാവിനോട് പ്രാർത്ഥിച്ചപ്പോൾ



**ലത സ്റ്റീഫൻ**, പൂക്കോടൻ ഹൗസ്,
പി.ഒ. വരന്തരപ്പിള്ളി, പള്ളിക്കുന്ന്

എന്റെ മകന് എം. ടെക്ക് തെർമൽ എഞ്ചിനീയറിങ്ങിന് ഒന്നാം റാങ്ക് കിട്ടി പാസ്സായെങ്കിലും ആഗ്രഹിച്ച ജോലി ലഭിക്കാതെ വന്നപ്പോൾ വളരെയധികം വേദനിച്ചു. നമ്മുടെ ജീവിതത്തിൽ ഭൗതീകവും, ആത്മീയവുമായ എല്ലാ നന്മകളും നമുക്ക് തരുന്നത് ദൈവമാണെന്ന് ഞങ്ങൾ ഉറച്ച് വിശ്വസിച്ചു. യാക്കോബ് 1:17 വചനം ഞങ്ങൾക്ക് ശക്തി പകർന്നു. സ്വർഗ്ഗീയ പിതാവ് നമുക്ക് എന്ത് തരാൻ ആഗ്രഹമുണ്ടോ, അതിനുള്ള കഴിവും, സമ്പത്തും, മനസ്സും തികഞ്ഞവനാണെന്ന് ഞങ്ങൾ പൂർണ്ണമായി വിശ്വസിച്ച് പ്രാർത്ഥിച്ചു. ജറുസലെം വചനകൂടാരത്തിൽ വന്ന് വി. കുർബ്ബാനയിലും ആരാധനയിലും 7 ആഴ്ച സംബന്ധിക്കാമെന്ന് നിയോഗത്തോടെ പ്രാർത്ഥിച്ചു. ആറാം വെള്ളിയാഴ്ച തന്നെ മകന് ദുബായിൽ നല്ലൊരു കമ്പനിയിൽ ജോലി നൽകി ഈശോനാഥൻ അനുഗ്രഹിച്ചു. നന്ദി ദൈവമേ നന്ദി...

## തടസ്സങ്ങൾ നീങ്ങിപ്പോയി



**റിനു ജോസ്**, കാരത്ര ഹൗസ്, അങ്കമാലി

ഉത്തമവും പൂർണ്ണവുമായ എല്ലാ ദാനങ്ങളും നമുക്ക് നൽകുന്നത് സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവാണെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. കാനഡയിലേയ്ക്ക് സ്റ്റുഡന്റ് വിസയ്ക്ക് അപേക്ഷിച്ചിരുന്നു. ബയോമെട്രിക്സ് കഴിഞ്ഞ് വെറും രണ്ട് ദിവസം കൊണ്ട് ശരിയാകേണ്ട കാര്യം മൂന്ന് മാസമായിട്ടും ശരിയായില്ല. ഇതു മൂലം വളരെ ബുദ്ധിമുട്ടുണ്ടായി. ചോദിച്ചതിന് മറുപടിയും ഉണ്ടായില്ല. മനസ്സിൽ സങ്കടവും നിരാശയും കൂട് കെട്ടിയപ്പോൾ പ്രാർത്ഥനയിൽ അഭയം തേടി. ദൈവത്തിൽ വിശ്വസിച്ച് പ്രാർത്ഥിച്ചു. വചനകൂടാരത്തിലെ വൈദികരോട് പ്രാർത്ഥനാസഹായം അപേക്ഷിച്ചു. കൺവെൻഷനു മുമ്പായിട്ടുള്ള ഒമ്പത് വെള്ളിയാഴ്ചകളിലും, കൺവെൻഷന് മുമ്പായിട്ടുള്ള ഒമ്പത് ദിവസം മുടങ്ങാതെയുള്ള ബന്ധനവിടുതൽ സൗഖ്യ ആരാധനയിലും പങ്കുകൊണ്ട് പ്രാർത്ഥിച്ചതിന്റെ ഫലമായി, കൺവെൻഷന്റെ ആദ്യദിവസംതന്നെ വിസ അപ്രൂവ് ആയി. വചനകൂടാരത്തിൽ ഒരു മാസം ശുശ്രൂഷ ചെയ്തിരുന്നു. അതിന്റെ ഫലമായി ബാങ്കിൽ ജോലി ലഭിച്ചു. പഠിക്കാതെതന്നെ പരീക്ഷ എഴുതി ഐ. ഇ. എൽ. ടി. എസ്. പാസ്സായി. യേശുവെ നന്ദി, യേശുവെ സ്തോത്രം. ഇത്രയും വലിയ അനുഗ്രഹം തന്ന ജറുസലെം നാഥനും, പരിശുദ്ധ അമ്മയ്ക്കും നന്ദിയേകുന്നു.

## ഉന്നത വിജയം ലഭിച്ചു



**ഷൈനി അബ്രാഹം**, പുതിയേടത്ത് ഹൗസ്,
മുരിക്കുങ്ങൽ പി. ഒ.

വിജയം നൽകുന്നത് കർത്താവാണ്. എന്റെ മകളുടെ പരീക്ഷാ വിജയത്തിനായി ഞാൻ പ്രാർത്ഥിച്ചപ്പോൾ ഉന്നതവിജയം നൽകി ദൈവം അനുഗ്രഹിച്ചു. എന്റെ മകൾ ബി. എസ്. സി. നേഴ്സിംഗിന് പഠിക്കുമ്പോൾ മൂന്നാം വർഷത്തെ പരീക്ഷകൾ നല്ല ബുദ്ധിമുട്ടായിരുന്നു. പരീക്ഷ തുടങ്ങി രണ്ടാം ദിവസം മുതൽ അഞ്ച് വെള്ളിയാഴ്ച നിയോഗം വെച്ച് പ്രാർത്ഥിച്ചിരുന്നു. മാതാവിന് പിറന്നാൾ ദിനത്തിൽ കിരീടം വെയ്ക്കാമെന്നും നേർന്നിരുന്നു. റിസൽട്ട് വന്നപ്പോൾ ഡിസ്റ്റിംഗ്ഷന്റെ അടുത്ത് മാർക്ക് നൽകി. ഉന്നതവിജയം നൽകിയ ഈശോയ്ക്കും മാതാവിനും നന്ദിയേകുന്നു.

## കർത്താവിന് നന്ദി പറയുവിൻ; അവിടുന്ന് നല്ലവനാണ്



**ഷൈനി ഷാജു**, കോപ്ലി ഹൗസ്,
കടമ്പോട്, പാഡി പി. ഒ.

എന്റെ മകൾക്ക് ഡൽഹിയിലെ സെന്റ് സ്റ്റീഫൻ കോളേജിൽ പഠിക്കണമെന്ന് ചെറുപ്പം മുതലേ ഉള്ള ആഗ്രഹമായിരുന്നു. 2022 നവംബർ ആറാം തീയതി മകൾ കൺവെൻഷൻ അപ്പസ്തോലയായി ശുശ്രൂഷ ചെയ്യാൻ തയ്യാറായി. അന്ന് രാത്രിയിൽ തന്നെ സെന്റ് സ്റ്റീഫനിലേക്ക് അഡ്മിഷൻ കിട്ടിയ മെയിൽ വന്നു. ഹോസ്റ്റലിനു വേണ്ടി നിയോഗം വെച്ചു പ്രാർത്ഥിച്ചു. സെന്റ് സ്റ്റീഫന്റെതന്നെ ഹോസ്റ്റലും കിട്ടി. പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പഠിക്കുമ്പോഴും കൺവെൻഷൻ അപ്പസ്തോലയായി മകൾ ശുശ്രൂഷ ചെയ്തിരുന്നു. അപ്പോഴെല്ലാം ധാരാളം അനുഗ്രഹങ്ങൾ നൽകി ഈശോ അനുഗ്രഹിച്ചിട്ടുണ്ട്. പത്താം ക്ലാസ്സിൽ സി. ബി. എസ്. ഇ. യിൽ 98.6%വും 12-ാം ക്ലാസ്സിൽ 98.8%വും മാർക്ക് കിട്ടി. 10ലും 12ലും ഫുൾ എ പ്ലസ്സും സ്കൂൾ ഫസ്റ്റും തന്ന് ജറുസലെംനാഥൻ അനുഗ്രഹിച്ചു. ജറുസലെംനാഥനും പരിശുദ്ധ അമ്മയ്ക്കും നന്ദിയേകുന്നു.

## വിജയം നൽകുന്നത് കർത്താവാണ്



**ജെസ്വിൻ ജോസഫ്**, അഴിക്കുന്നിക്കൽ ഹൗസ്,
പന്നിയങ്കര പി. ഒ., നീലിപ്പാറ

പഠനത്തിൽ നമ്മെ ഉയർത്തുന്നതും ഉന്നത വിജയങ്ങൾ നൽകുന്നതും കർത്താവായ ദൈവമാണ്. പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കാതെ മാർക്ക് കുറവായപ്പോൾ ഞാൻ കർത്താവിനോട് ജ്ഞാനം നൽകി അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിച്ചു. എല്ലാ ദിവസവും വൈകുന്നേരം 9.30ന് നടക്കുന്ന ജറുസലെം പ്രെയർ ലൈൻ മീറ്റിൽ പട്ടത്തച്ചന്റെ പ്രാർത്ഥനയിൽ ഓൺലൈനിലൂടെ പങ്കെടുത്ത് അനുഗ്രഹങ്ങൾ സ്വായത്തമാക്കി. അഭിഷിക്തരുടെ ആശീർവ്വാദം സ്വീകരിച്ച് പ്രാർത്ഥിച്ചു. മാതാവിനോട് എനിക്ക് 90% മാർക്ക് ലഭിക്കണമെന്ന് നിയോഗം സമർപ്പിച്ച് പ്രാർത്ഥിച്ചു. അൾത്താരയിലെ സാക്ഷിയാക്കണമെന്ന് പ്രാർത്ഥിച്ചപ്പോൾ 90% മാർക്ക് നൽകി മാതാവ് എന്നെ അനുഗ്രഹിച്ചു. ദൈവമേ നന്ദി.

## കുരുക്കഴിക്കുന്ന മാതാവ്



**ലില്ലി**, മരോട്ടിക്കൽ ഹൗസ്, ആമ്പല്ലൂർ

നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന ബന്ധന കുരുക്കുകൾ അഴിച്ചുതരുന്നത് പരിശുദ്ധ അമ്മയാണ്. അമ്മ വഴി ഈശോയോട് പ്രാർത്ഥിച്ചാൽ നടക്കാത്തതായി ഒന്നും തന്നെയില്ല. എന്റെ രണ്ട് മക്കളുടെയും വിവാഹം നടക്കാതിരിക്കുകയും പലവിധ തടസ്സങ്ങൾ നേരിടുകയും ചെയ്തപ്പോൾ ഞാൻ വചനകൂടാരത്തിൽ വന്ന് പ്രാർത്ഥിച്ചു. വൈദികരോട് പ്രാർത്ഥനാസഹായം അഭ്യർത്ഥിച്ചു. മൂത്ത മകന് 37 വയസ്സും രണ്ടാമത്തെ മകന് 35 വയസ്സും ആയിരുന്നു. കുരുക്കഴിക്കുന്ന മാതാവിന്റെ പ്രാർത്ഥനയിൽ പങ്കെടുത്ത് പ്രാർത്ഥിക്കാൻ ലഭിച്ച നിർദ്ദേശമനുസരിച്ച് ഞങ്ങൾ തീക്ഷ്ണമായി പ്രാർത്ഥിച്ചപ്പോൾ രണ്ട് മക്കളുടെയും വിവാഹം ഭംഗിയായി നടന്നു. ഈശോയ്ക്കും മാതാവിനും ആയിരമായിരം നന്ദി.

## വിവാഹം മംഗളകരമായി



**റെലീന ജോയ്**, പാടത്തറ ഹൗസ്,
പി. ഒ. പൊന്നൂക്കര, മേക്കട്ടി

‘‘ദൈവത്തെ സ്നേഹിക്കുന്നവർക്ക്, അവിടത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലതും നന്മയ്ക്കായി പരിണമിപ്പിക്കുന്നു’’ (റോമ 8:28) എന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. എന്റെ മകന്റെ വിവാഹതടസ്സം മാറാൻ ഞാൻ നിയോഗം വെച്ച് പ്രാർത്ഥിച്ചിരുന്നു. ഈശോയുടെ തിരുഹൃദയത്തിന്റേയും, പരിശുദ്ധ അമ്മയുടേയും, വി. യൗസേപ്പിതാവിന്റെയും മാധ്യസ്ഥം വഴി കാനായിലെ കല്യാണം പോലെ എന്റെ മകന്റെ വിവാഹവും നടത്തിത്തന്നു. വെള്ളിയാഴ്ചകളിൽ ഞാൻ ഇവിടെ നിയോഗം വെച്ച് പ്രാർത്ഥിച്ചിരുന്നു. അനുയോജ്യമായ ഇണയെ കൊടുത്തനുഗ്രഹിച്ചതിന് പരിശുദ്ധ അമ്മയ്ക്കും ജറുസലെം നാഥനും ആയിരം നന്ദി പറയുന്നു. യേശുവേ നന്ദി, യേശുവേ സ്തോത്രം.

## ശബ്ദം തിരികെ ലഭിച്ചു

**ഷൈനി ഷാജി**, പുത്തൻകുളം, കുട്ടനല്ലൂർ



എന്റെ മകൾ ഡൽഹി ഹോളി ഫാമിലി ഹോസ്പിറ്റലിലാണ് നേഴ്സായി ജോലി ചെയ്യുന്നത്. കഴിഞ്ഞ മാസം 30-ാം തീയതി നൈറ്റ് ഡ്യൂട്ടി ആയിരുന്നു. എന്നെ വിളിച്ച് സംസാരിച്ചിരുന്നു. എന്നാൽ പിറ്റേ ദിവസം എന്നെ വിളിക്കുമ്പോൾ തീരെ ശബ്ദമില്ലാതെ വളരെ ബുദ്ധിമുട്ടിയാണ് സംസാരിച്ചത്. ഞാൻ മൂന്നു വെള്ളിയാഴ്ച ഉപവാസം എടുത്ത് ജറുസലെംനാഥനോട് മകൾക്കുവേണ്ടി പ്രാർത്ഥിച്ചു. വൈദികരുടെ അഭിഷിക്താശീർവ്വാദം സ്വീകരിച്ചു. നിലവിളക്കിലെ വിശുദ്ധ തൈലം കഴിച്ച് മകൾക്ക് നഷ്ടപ്പെട്ടുപോയ ശബ്ദം തിരികെ നൽകണമെന്ന് പ്രാർത്ഥിച്ചു. അന്നു വൈകുന്നേരം ഫോണിൽ വിളിച്ച് മകൾ അവളുടെ ശബ്ദം അൽഭുതകരമായി തിരികെ ലഭിച്ചതായി അറിയിച്ചു. ദൈവമേ നന്ദി.

## കാരുണ്യവാനായ ദൈവം



**മേഴ്സി**, പുല്ലൻ ഹൗസ്, ചാലക്കുടി

കർത്താവ് കാരുണ്യവാനും ആർദ്രഹൃദയനും കൃപാലുവുമാണ്. അവിടുന്ന് നമ്മോട് കരുണ കാട്ടാതിരിക്കില്ല. പ്രാർത്ഥനകൾക്ക് ഉത്തരം തരുന്ന നല്ല പിതാവാണ് അവിടുന്ന്. എന്റെ മകൾ ഹൈദ്രാബാദ് ഫോറൻസിക് ലാബിൽ ഒന്നര വർഷമായി ഇന്റേൺഷിപ്പ് ചെയ്യുകയാണ്. അവിടെത്തന്നെ ജോലിക്ക് ഒരു ഇന്റർവ്യൂ അറ്റൻഡ് ചെയ്യണമായിരുന്നു. 8 മാസം മുമ്പേ ഇന്റർവ്യൂ നടക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ പല തിയ്യതികൾ നിശ്ചയിക്കുകയും മാറ്റിവയ്ക്കുകയും ചെയ്തു. വളരെയധികം വിഷമിച്ച ഞങ്ങൾ ദേവസ്യ കാനാട്ടച്ചനോട് ഈ ഡിസംബർ മാസത്തിൽ തന്നെ ഇന്റർവ്യൂ നടക്കാൻ പ്രാർത്ഥിക്കണമെന്ന് പറഞ്ഞ് മെസ്സേജ് അയച്ചിരുന്നു. ഞാൻ ഡിസംബർ രണ്ടാം തീയതി നടന്ന ജറുസലെം കൺവെൻഷനിൽ പങ്കെടുത്ത് പ്രത്യേക നിയോഗത്തോടെ പ്രാർത്ഥിച്ചു. അന്നുതന്നെ വൈകുന്നേരം ഇന്റർവ്യൂ തീയതി നിശ്ചയിച്ചെന്ന് പറഞ്ഞ് മകൾ ഫോൺ ചെയ്തു. ഇന്റർവ്യൂ കഴിഞ്ഞ് മകൾ ജോലിയിൽ പ്രവേശിച്ചു. യേശുവേ നന്ദി സ്തുതി. ഇത്രയും വലിയ അനുഗ്രഹം നൽകിയ ജറുസലെം നാഥയ്ക്കും ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ച ജറുസലെമിലെ വൈദികർക്കും ടീമംഗങ്ങൾക്കും ഒരായിരം നന്ദി. യേശുവേ നന്ദി, യേശുവേ സ്തോത്രം.

## തിരുരക്തത്താൽ നിറഞ്ഞപ്പോൾ



**ഡിറ്റി പ്രിന്റോ**, പൂതോളി ഹൗസ്,
പൂക്കോട് പി. ഒ., വരാക്കര

ഈശോയുടെ തിരുരക്തം സൗഖ്യമാണ്. മാനസാന്തരത്തിലേയ്ക്കും അനുതാപത്തിലേയ്ക്കും നയിക്കുന്നതാണ്. എന്റെ ചേച്ചിയുടെ 14 വയസ്സുള്ള മകനെ സൂറത്തിൽവച്ച് കാണാതായി. അവനെ ഉച്ചയ്ക്ക് 12 മണിക്കാണ് കാണാതായത്. അന്നുതന്നെ ഞങ്ങൾ പട്ടത്തച്ചന്റെ അടുത്ത് വന്ന് മകനെ തിരികെ ലഭിക്കുന്നതിനായി പ്രാർത്ഥനാസഹായം അപേക്ഷിച്ചു. അച്ചൻ ഞങ്ങൾക്ക് ഒരു വചനം തന്ന് പ്രാർത്ഥിക്കാൻ പറഞ്ഞു. യേശുവേ അങ്ങയുടെ തിരുരക്തം കൊണ്ട് കഴുകി വിശുദ്ധീകരിച്ച് പൂർണ്ണമായി സുഖപ്പെടുത്തണമേ എന്നായിരുന്നു ആ വചനം. 12 മണിക്കൂറിനുള്ളിൽ മകനെ തിരികെ ലഭിക്കുമെന്ന് സന്ദേശമായി പറഞ്ഞു. ഞങ്ങൾ മനമുരുകി പ്രാർത്ഥിച്ചതിന്റെ ഫലമായി ആ മകനെ രാത്രി 10.30ന് തിരികെ ലഭിച്ചു. ഒരു ആപത്തും ഉണ്ടാകാതെ മകനെ തിരികെ ലഭിച്ചതിന് പരി. അമ്മയ്ക്കും ഈശോയ്ക്കും ഒരായിരം നന്ദി പറയുന്നു. ഉത്കണ്ഠപ്പെടാതെ ഈശോയിൽ വിശ്വസിച്ച് പ്രാർത്ഥിച്ചപ്പോഴാണ് ഇത്രയും വലിയ ദൈവാനുഗ്രഹം ആ മകനിലുണ്ടായതും ആ മകൻ തിരിച്ചുവന്നതും. ‘‘ഉത്കണ്ഠ മൂലം ആയുസ്സിന്റെ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിൽ ആർക്കെങ്കിലും സാധിക്കുമോ?’’ (മത്താ 6:27). വിശ്വാസത്തോടെ പ്രാർത്ഥിച്ചപ്പോൾ അത്ഭുതം നടന്നു.

## ഈശോ നൽകിയ സമ്മാനം



**മരിയ സിബി**, മേനാച്ചേരി ഹൗസ്,
നന്തിപുലം പി. ഒ.

നമ്മുടെ കഴിവോ, ബുദ്ധിശക്തിയോ മാത്രമായിരിക്കില്ല വിജയങ്ങളും സമ്മാനങ്ങളും നമ്മെ തേടിയെത്തുന്നതിന് കാരണം. ദൈവാനുഗ്രഹമാണത്. സമ്മാനങ്ങൾ ദൈവത്തിന്റെ കൃപയാണ്. വലിയ കഴിവുകൾ ഉള്ളവർ പലപ്പോഴും പരാജയപ്പെടുന്നത് നമ്മൾ കണ്ടിരിക്കും. എന്റെ മകൻ ഉപജില്ലാ മത്സരത്തിൽ ലളിതഗാനത്തിനും കവിതാപാരായണത്തിനും മത്സരിക്കാൻ പോയപ്പോൾ വിജയം നൽകിയനുഗ്രഹിക്കണമെന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി വിജയം നൽകി അനുഗ്രഹിച്ച നല്ല ദൈവത്തിന് നന്ദിയേകുന്നു.

## ക്രൂശിതനോട് പ്രാർത്ഥിച്ചപ്പോൾ



**ട്രെസി ലോറൻസ്**, വെള്ളായിൽ ഹൗസ്,

ക്രൂശിതനോടുള്ള പ്രാർത്ഥന അനുഗ്രഹപ്രദമാണ്. ശക്തിയേറിയതാണ്. തീക്ഷ്ണമായ വിശ്വാസത്തോടെ മുട്ടിപ്പായി പ്രാർത്ഥിച്ചപ്പോൾ ക്രൂശിതനായ ഈശോ എന്റെ അഞ്ച് നിയോഗങ്ങളും സാധിതമാക്കിത്തന്നു. ഫിലി 4: 19 ഇപ്രകാരമാണ്: ‘‘എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽനിന്ന് യേശുക്രിസ്തുവഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകും’’. ഞാൻ പ്രാർത്ഥിച്ച നിയോഗങ്ങളെല്ലാം തന്നെ സാധിച്ച് കിട്ടി. മകളുടെ കടബാധ്യത മാറുവാൻ, മൂത്ത മകന് ജോലി നൽകി അനുഗ്രഹിക്കാൻ, ചെറിയ മകന് പത്താം ക്ലാസ് നല്ല മാർക്ക് വാങ്ങി വിജയിക്കാൻ, ഒരു ചെറിയ വ്യാപാര സ്ഥാപനം തുടങ്ങാൻ, മക്കളെ ജീവിതവിശുദ്ധിയിലും ജീവിതവിജയത്തിലും ഉയർത്താൻ. എല്ലാ കാര്യങ്ങളും ജറുസലെംനാഥനും, ജറുസലെം നാഥയും നടത്തിത്തന്നു. എന്റെ ആവശ്യങ്ങളിൽ എന്നെ സഹായിക്കുന്ന എന്റെ ഈശോയ്ക്കും, അമ്മയ്ക്കും ഒരായിരം നന്ദിയേകുന്നു. ദൈവമേ നന്ദി.


**ജറുസലെം ശുശ്രൂഷകളെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ**

JERUSALEM RETREAT CENTRE
A/c. No. 0309 0381 9770 195 001
CSB Bank LTD, Thalore Branch
IFSC : CSBK 0000309 Swift code: CSYBIN 55
UPI id: jerusalemre.20077@csbpay

അക്കൗണ്ടിലൂടെ പണം അയക്കുന്നവർ ഈ നമ്പറിലേക്ക് [+91 8304 069 046] അഡ്രസ്സ് വാട്സ്ആപ്പ് ചെയ്യണേ

# വിനയത്തിന്റെ സ്നേഹഗാഥ





സിനി ജോൺസൻ

പത്രോസിന്റെ സിംഹാസനത്തെ അറിവുകൊണ്ടും വിനയം കൊണ്ടും വിശുദ്ധി കൊണ്ടും അലങ്കരിച്ച ബനഡിക്ട് പതിനാറാമൻ പാപ്പ ആധുനിക ലോകത്തിന് പകർന്നുതരുന്ന ജീവിതമൂല്യങ്ങൾ വിശുദ്ധവും അമൂല്യവുമാണ്. അധികാരത്തിനും, സ്ഥാനമാനങ്ങൾക്കും വേണ്ടി എന്തും ചെയ്യുന്ന ഭരണാധികാരികളെ കണ്ട് പരിചയിച്ച ലോകത്തിന് പാപ്പായുടെ സ്ഥാനത്യാഗം വിസ്മയം നിറഞ്ഞതായതും അതുകൊണ്ടാണ്. പരിശുദ്ധ പിതാവിന്റെ ജീവിതത്തിലൂടെ കടന്നുപോകുമ്പോൾ വിശ്വാസി സമൂഹവും ലോകജനതയും ഒരുപോലെ ഉൾക്കൊള്ളുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ബനഡിക്ട് പതിനാറാമൻ പാപ്പ ലോകത്തിന് വിനയത്തിന്റെ മാതൃകയായിരുന്നു. കത്തോലിക്കാ സഭയുടെ ശുശ്രൂഷ ഒരാളെ നയിക്കുന്നത് അധികാരത്തിന്റെ ഗർവ്വിലേക്കോ, സുഖലോലുപതയുടെ മന്ദിരങ്ങളിലേക്കോ അല്ല, മറിച്ച് കർത്താവിന്റെ കുരിശിലേക്കാണെന്ന് പാപ്പാ ലോകത്തെ പഠിപ്പിച്ചു. ദൈവത്തിന്റെ കരങ്ങളിൽ പിടിച്ചുകൊണ്ട് അപരിചിതമായ വഴികളിൽ സഞ്ചരിച്ച പാപ്പ, എല്ലാറ്റിനും ഉപരിയായി മിശിഹാ എന്ന ചിന്തയെ പ്രവർത്തനശൈലിയാക്കി മാറ്റാൻ പാപ്പായ്ക്ക് കഴിഞ്ഞത് മനസ്സിൽ നിറഞ്ഞുതുളുമ്പിയ വിനയം മൂലമായിരുന്നു. എട്ട് വർഷം കത്തോലിക്കാ സഭയെ നയിച്ച പാപ്പ ഒമ്പത് വർഷത്തെ പ്രാർത്ഥനാനിർഭരമായ ആശ്രമ ജീവിതത്തിനുശേഷം ചരിത്രവിസ്മയമായി മാറിയത് അതുകൊണ്ടായിരിക്കാം. 20-ാം നൂറ്റാണ്ടിലെ പ്രതിഭാശാലിയായ ദൈവശാസ്ത്രജ്ഞൻ, ദൈവശാസ്ത്രത്തിന്റെ ആഴമറിയിക്കുന്ന നൂറുകണക്കിന് രചനകൾ ലോകത്തിന് സംഭാവന ചെയ്ത പ്രതിഭാശാലി, സഭകളുടെ ഐക്യത്തിനുവേണ്ടി നിരന്തരം പ്രയത്നിച്ച ധീഷണാശാലി, ഈ വിശേഷണങ്ങൾക്കെല്ലാം അപ്പുറം വിശ്വാസികൾ ഉൾപ്പെടെ മനുഷ്യരാശിയുടെ അനുദിന പ്രശ്നങ്ങളുമായി നിരന്തരം സംവദിച്ചിരുന്ന, വിശുദ്ധനായ മനുഷ്യനായിരുന്നു അദ്ദേഹം. ദൈവസ്നേഹത്താൽ നിറഞ്ഞുനിന്ന, ജ്വലിച്ചുനിന്ന വിനയത്തിന്റെ മാതൃക.

ലോകത്തെ ഞെട്ടിച്ചുകൊണ്ട് 2013 ഫെബ്രുവരി 11ന് ബനഡിക്ട് പതിനാറാമൻ പാപ്പ സ്ഥാനത്യാഗം ചെയ്തതിനുശേഷം ഫ്രാൻസീസ് പാപ്പ ആ സ്ഥാനത്തെത്തിയപ്പോൾ ലോകജനതയ്ക്ക് ഒരേ സമയം രണ്ടു പാപ്പമാരുടെ സാന്നിധ്യം കൗതുകകരവും ചോദ്യങ്ങൾ ഉയർത്തുന്നതുമായിരുന്നു. ലോകമെമ്പാടുമുള്ള മാധ്യമങ്ങൾ ശ്രദ്ധയോടെ കണ്ണും നട്ടിരുന്ന ദിനങ്ങൾ. രണ്ട് മാർപാപ്പമാരുടെയും നിലപാടുകൾ, അഭിപ്രായങ്ങൾ , എന്തായിരിക്കും എന്ന് മാധ്യമങ്ങൾ തന്നെ വാർത്തകൾ എഴുതി. എന്നാൽ, ലോകത്തിനു മനസ്സിലാകുന്ന ഭാഷയല്ല ദൈവസ്നേഹത്തിന്റെ ഭാഷ. അത് ക്രിസ്തു കാണിച്ചുതന്ന വിനയത്തിന്റെ പുതിയ മാതൃകയാണെന്ന് ഒമ്പത് വർഷമായി രണ്ട് പാപ്പമാരും ലോകത്തിന് ജീവിച്ച് കാണിച്ചുതന്നു. വത്തിക്കാനിലുള്ള ആശ്രമത്തിൽ ധ്യാനനിരതനായി ജീവിച്ചിരുന്ന ബനഡിക്ട് പാപ്പായും മുൻഗാമിയുടെ മാതൃകാപരമായ പ്രവർത്തനങ്ങളെ പിൻചൊല്ലുന്ന ഫ്രാൻസീസ് പാപ്പായും ഇന്നത്തെ ലോകത്തിന് സമ്മാനിക്കുന്നത് അത്യപൂർവ്വമായ ചരിത്രവിസ്മയമാണ്. സ്ഥാനത്യാഗം ചെയ്തതിനുശേഷം ഒരിക്കൽപോലും ഫ്രാൻസീസ് പാപ്പയുടെയും, വത്തിക്കാന്റെയും അനുദിന ഭരണ കാര്യങ്ങളിൽ ഇടപെട്ടില്ല എന്ന് മാത്രമല്ല സ്നേഹോഷ്മളമായ പിന്തുണയും, നിരുപാധിക ബഹുമാനവും മരണം വരെ ഫ്രാൻസീസ് പാപ്പയ്ക്ക് നൽകുകയും ചെയ്തു.

ഈ ലോക ജീവിതത്തിൽ കാണുന്ന നേതാക്കന്മാരുടെ പ്രവർത്തനശൈലിയിൽനിന്നും വിഭിന്നമായി സ്നേഹത്തിന്റെ സ്നേഹഗാഥ രചിച്ച ബനഡിക്ട് പാപ്പ ക്രിസ്തുശൈലി ലോകത്തിന് സമ്മാനിച്ച വിശുദ്ധനായ വൈദികനാണ്. സ്ഥാനത്യാഗത്തിനുശേഷം ലോകം പ്രതീക്ഷിച്ചപോലെ തിരുത്തലുകളോ, മാർഗ്ഗനിർദ്ദേശങ്ങളോ ഇല്ലാതെ തീർത്തും പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ലോകത്തേയ്ക്ക് ബെനഡിക്ട് പാപ്പ പിൻവാങ്ങി. 2013 മാർച്ച് 23ന് 600 വർഷത്തെ ചരിത്രത്തിലാദ്യമായി ജീവിച്ചിരിക്കുന്ന രണ്ടു മാർപാപ്പമാർ തമ്മിലുള്ള കൂടിക്കാഴ്ച ലോകത്തിന് വിസ്മയകാഴ്ച സമ്മാനിച്ചു.

ചരിത്ര വിസ്മയമായി നിത്യതയിലേയ്ക്ക് പോയ ബനഡിക്ട് പാപ്പയുടെ വിശുദ്ധി നിറഞ്ഞ, വിനയം നിറഞ്ഞ ജീവിത മാതൃക അനുകരണീയമാണ്. ക്രിസ്തുവിന്റെ പ്രതിപുരുഷൻ ആരായിരിക്കണം, എങ്ങനെയായിരിക്കണം എന്ന് സ്വജീവിതമാതൃകയിലൂടെ കാണിച്ചുതന്ന പാപ്പ വിശുദ്ധിയുടെ പൊൻതാരകമായി തീരട്ടെ.

## ദിവ്യകാരുണ്യ സൗഖ്യ ആരാധനയും അനുഗ്രഹ ജപമാലയും



**ഫാ. ദേവസ്യ കാനാട്ട് CMI**

**ഫാദർ ദേവസ്യ കാനാട്ടിന്റെ നേതൃത്വത്തിൽ വൈകുന്നേരം 6.30 മുതൽ 8.30 മണി വരെ നടത്തുന്ന ലൈവ് ശുശ്രൂഷയാണിത്. ഓൺലൈനായും ഓഫ്ലൈനായും ശുശ്രൂഷ ഉണ്ട്. അനേകായിരങ്ങൾ പങ്കെടുക്കുകയും അനുഗ്രഹങ്ങൾ നേടുകയും ചെയ്യുന്നു. പ്രാർത്ഥനാ നിയോഗങ്ങൾ സമർപ്പിച്ച് പ്രാർത്ഥിക്കുന്ന ശുശ്രൂഷയാണിത്.**

https://www.youtube.com/jerusalemretreatcentrelive/live

## ഈശോയുടെ കൂടെ
## TO BE WITH JESUS [FOR YOUTH]



**ഫാ. സിജോ തയ്യാലക്കൽ CMI**

ജറുസലെം വചനകൂടാരത്തിൽ ശനിയാഴ്ചകളിൽ രാത്രി 6.30 മുതൽ 9.30 വരെ വിദ്യാർത്ഥികൾക്കും യുവതീയുവാക്കൾക്കും ആയി നടത്തപ്പെടുന്ന പ്രത്യേക പ്രാർത്ഥനയാണിത്. ഓൺലൈനായും ഓഫ്ലൈനായും ഈ പ്രാർത്ഥന ഉണ്ട്. കുമ്പസാരത്തിന് അവസരം ഉണ്ടായിരിക്കൂം. മാതാപിതാക്കൾക്ക് മക്കളെയും കൂട്ടി കൊണ്ടുവന്ന് ഈ ശുശ്രൂഷയിൽ പങ്കെടുക്കാവുന്നതാണ്. online link ലഭ്യമാണ്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഹൃദയങ്ങൾ ഈശോയുടെ സ്നേഹത്തിൽ പൊതിഞ്ഞ് സുവിശേഷത്തിന് സാക്ഷിയാകാം. ജപമാല, കുമ്പസാരം, സ്തുതിയും, ദൈവാരാധനയും വചനസന്ദേശവും വിടുതൽ ശുശ്രൂഷയും ഉണ്ടായിരിക്കും.

TO BE WITH JESUS OFFICIAL

## സഹനപ്പൂക്കൾ



**പട്ടത്തച്ചൻ CMI**

സഹനം ഒരു വിധിയില്ല നിധിയാണെന്ന് തിരിച്ചറിഞ്ഞ 72 ജീവിതങ്ങളിലേയ്ക്ക് ഇടയന്റെ സ്നേഹവുമായി യാത്രയായ പ്രാർത്ഥനാനിർഭരമായ ദിനങ്ങൾ. സഹനം ദൈവത്തോടൊപ്പമുള്ള സഹവാസമാണ്. സഹനങ്ങൾ ദൈവം കൈവിട്ടതിന്റെ ലക്ഷണമല്ല ദൈവം ചേർത്ത് പിടിച്ചതാണെന്ന് തിരിച്ചറിഞ്ഞപ്പോൾ അവരെ ചേർത്ത് പിടിച്ച അനർഘ നിമിഷങ്ങൾ മറക്കാനാവുന്നതല്ല. ''അവിടുന്ന് നിന്റെ അലച്ചിലുകൾ എണ്ണിയിട്ടുണ്ട്. കണ്ണീർക്കണങ്ങൾ കുപ്പിയിൽ ശേഖരിച്ചിട്ടുണ്ട്''. ഈ കണ്ണീർക്കണങ്ങൾ ഒപ്പിയെടുക്കുന്നതായിരുന്നു അവർക്ക് വേണ്ടി ഒരുക്കിയ 3 നാൾ കൂട്ടായ്മ. ഇന്ന് അവർ ആഴ്ചയിൽ ഒരു ദിവസം (വ്യാഴാഴ്ചകളിൽ) ഒത്തുചേരുന്നു. 15-നും 20-നും ഇടയ്ക്ക് ഭിന്നശേഷിക്കാരായ മക്കൾ ഒരുമിച്ച് കൂടി സഹനാരാധന നടത്തുന്നു. വി. കുർബ്ബാന, മുഴുവൻ കൊന്ത, കരുണകൊന്ത, ആരാധന എന്നിവ നടത്തുന്നു. ഇവരുടെ ഒരേയൊരു ലക്ഷ്യം ആത്മാക്കളെ നേടണം, അനേകം മക്കൾക്കുവേണ്ടി പ്രാർത്ഥിക്കണം എന്നതാണ്. ഇവരുടെ പ്രാർത്ഥനകൾ ദൈവാനുഗ്രഹം നിറഞ്ഞതാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

https://www.youtube.com/jerusalemretreatcentrelive/live

കാണാം...
പങ്കുവെയ്ക്കാം...

## ദൈവകൃപയും കൃപയുടെ ഭവനവും



**പട്ടത്തച്ചൻ CMI**

കോവിഡ് കാലത്ത് എല്ലാ ദിവസവും ഉച്ചതിരിഞ്ഞ് 3 മണിക്ക് ഓൺലൈൻ സംപ്രേഷണമായി 5 മിനിറ്റാണ് ദൈവകൃപ ഞാൻ നടത്തിയിരുന്നത്. ഈശോ വി. ഫൗസ്റ്റീനയ്ക്ക് കൊടുത്ത നിർദ്ദേശമനുസരിച്ചാണ് 3 മണി സമയം തിരഞ്ഞെടുത്തത്. 365 ദിവസമാണ് ഈ ഓൺലൈൻ ശുശ്രൂഷ നടത്തിയത്. അനേകം വിശ്വാസികൾ പങ്കെടുത്ത് ദൈവകൃപ അനുഭവിച്ച ശുശ്രൂഷയായിരുന്നു ഇത്. തുടർന്ന് നടത്തിയ ശുശ്രൂഷയാണ് കൃപയുടെ ഭവനം. എല്ലാ ദിവസവും 3 മണി മുതൽ 4 മണി വരെ യു ട്യൂബിലൂം ഓഫ്ലൈനായും കൃപയുടെ ഭവനം നടത്തി. കരുണയുടെ ജപമാല, വി. മിഖായേലിന്റെ പ്രാർത്ഥന, വി. ജർത്രൂദിനോടുള്ള പ്രാർത്ഥന, തിരുരക്ത സംരക്ഷണ പ്രാർത്ഥന, ദൈവവചന വായന, വിടുതൽ പ്രാർത്ഥന എന്നിവ അനേകായിരം വ്യക്തികൾക്കും, കുടുംബങ്ങൾക്കും, സമൂഹങ്ങൾക്കും ദൈവത്തിന്റെ കൃപകൾ സ്വീകരിക്കാൻ കാരണമായി. ഇപ്പോൾ റീ - ടെലികാസ്റ്റിങ്ങിലൂടെ ലഭ്യമായ ലിങ്കിൽ ദൈവജനത്തിന് കാണാവുന്നതാണ്.

https://www.youtube.com/jerusalemretreatcentrelive/live


## ജറുസലെം ശുശ്രൂഷകൾ ഫെബ്രുവരി 2023

| | | |
|---|---|---|
| 1 - 6 | സിസ്റ്റേഴ്സിനുള്ള ധ്യാനം | (9.00 am) |
| 4 | രോഗശാന്തി ശുശ്രൂഷ, ഗർഭിണികളുടെ പ്രാർത്ഥന, അമ്മയും കുഞ്ഞും ശുശ്രൂഷ | (9.30 am - 1.00 pm) |
| 9 - 12 | പരിശുദ്ധാത്മാഭിഷേക ധ്യാനം (മലയാളം) | (9.00 am) |
| 16 - 19 | ആത്മാഭിഷേക ധ്യാനം (തമിഴ്) | (4.00 pm) |
| 19 | കുഞ്ഞുങ്ങളില്ലാത്ത ദമ്പതികളുടെ പ്രാർത്ഥന | (9.30 am - 1.00 pm) |
| 20 - 22 | ജറുസലെം പ്രേഷിതരുടെ ധ്യാനം | (9.00 am - 5.00 pm) |
| 24 - 26 | Doctors' Retreat - Jesus Youth | (9.00 am) |
| 27 - 28 | ഉപവാസ വിടുതൽ ധ്യാനം | (09.00 am) |
| | തൊഴിലാളികളുടെ പ്രാർത്ഥന (വ്യാഴാഴ്ചകളിൽ) | (06.30 pm - 08.00 pm) |
| | ജപമാല പ്രദക്ഷിണം (ഞായറാഴ്ചകളിൽ) | (05.15 pm- 06.15 pm) |
| | To be with Jesus യുവജനങ്ങളുടെ പ്രാർത്ഥന (ശനിയാഴ്ചകളിൽ) | (06.30 pm - 09.30 pm) |
| | ദിവ്യകാരുണ്യ സൗഖ്യാരാധന (എല്ലാ ദിവസവും) | (06.30 pm - 08.30 pm) |

Jerusalem Retreat Centre You Tube Channelൽ
https://www.youtube.com/c/JerusalemRetreatCentre

**എല്ലാ വെള്ളിയാഴ്ചയും**
**പൊതു പ്രാർത്ഥനാ ദിനമായിരിക്കും**
(8.30 a.m. - 3.30 p.m.)

## Prayer LINE



**എല്ലാ ദിവസവും രാത്രി 9.30 ന്**
**ബഹു. ഡേവീസ് പട്ടത്തച്ചൻ നേതൃത്വം നൽകുന്നു**

Access code : 3321285#
Call in : 8929 700 137

## ഉടമ്പടി പത്രവും ഐ. ഡി. കാർഡും ഓഫീസിൽനിന്നും ലഭ്യമാണ്.

